നം.കെ.എസ്.എ-കെ.ടി.എം.പി12/302/2019 തീയതി : 17.04.2019

# കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 29.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 18.03.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 18.03.2019 വരെ | |
| | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഇ.ആർ.സുനിൽകുമാർ | 01.04.2017-31.03.2018 |
| സെക്രട്ടറി | ശ്രീ.അഗസ്റ്റിൻ കെ. ജോർജ്ജ് | 01.04.2017-31.03.2018 |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ബീന വർഗ്ഗീസ് | 01.04.2017-30.10.017 |
| | ശ്രീമതി റസിയ എ. സലാം | 31.10.2017-31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.ബിന്ദുരാജ് | 01.04.2017-31.03.2018 |
| വി.ഇ.ഒ | ശ്രീമതി ബിന്ദു എം.പി. | 01.04.2017-31.03.2018 |
| | ശ്രീമതി സനുമകുമാരി | 01.04.2017-17.07.2017 |
| | ശ്രീമതി മായ ആർ. | 18.07.2017-31.03.2018 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ആൻ ടിനസാം | 01.04.2017-09.04.2017 |
| | ഡോ.ലാൽ ആന്റണി | 10.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശ്രീജിത്ത് എസ്.പി. | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.രാജിഷ കെ.പി. | 01.04.2017-31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി റഷീദ വി.പി. | 01.04.2017-26.09.2017 |
| | ശ്രീമതി അഞ്ജലി അരവിന്ദ് | 27.09.2017-31.03.2018 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അനീഷ് എസ്.നായർ | 01.04.2017-13.10.2017 |
| | ശ്രീ.മഹേഷ് പി. മോഹൻ | 14.10.2017-31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയലക്ഷ്മി കെ. | 01.04.2017-31.10.2017 |
| | ശ്രീമതി ഷേർളി | 01.11.2017-31.03.2018 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി പി.എസ്.ബിന്ദുമോൾ | 01.04.2017-31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി അനിത എസ്. | 01.04.2017-31.03.2018 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷികപദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക ധനകാര്യപത്രികയുടെ അവലോകനം |

| | |
|---|---|
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | രസീതുബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ |
| 2-2-1 | വസ്തുനികുതി പരിഷ്കരണം |
| 2-2-2 | പൂവത്തുരുത്ത് വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിൽ നിന്നും നികുതികൾ ഈടാക്കുന്നത്-കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കേണ്ടതാണ് |
| 2-2-3 | ആരാധനാലായങ്ങളോട് ചേർന്നുള്ള ഓഡിറ്റോറിയങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-2-4 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-2-5 | മൊബൈൽ ടവറുകളുടെ വസ്തുനികുതി-പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കണം |
| 2-2-6 | ഭേദഗതി വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-2-7 | നിർമ്മാണം പൂർത്തീകരിച്ച അളവിലും കുറവായി തറവിസ്തീർണ്ണത്തിന് കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചു |
| 2-2-8 | വസ്തുനികുതി നിർണ്ണയം-ഫയലുകൾ ഹാജരാക്കിയില്ല |
| 2-3 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4 | കെട്ടിടങ്ങളുടെ ക്രമവൽക്കരണം |
| 2-5 | ഇ-ടെൻഡർ ഫീസ് തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കടുവാക്കുളം ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്-അധികമായി ഒടുക്കിയ കുടിശ്ശിക തുക തടസ്സപ്പെടുത്തുന്നു |
| 3-2 | 24,201 രൂപയുടെ മുന്നിരിപ്പ് അടയ്ക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരമിനത്തിലുള്ള ബാധ്യത നിലവിൽ 2,75,399 രൂപയായി വർദ്ധിച്ചു |
| 3-3 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-നിർവ്വഹണത്തിൽ അപാകതകൾ |
| 3-4 | എയ്റോബിൻ നിർമ്മാണം-നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | പാടശേഖരങ്ങൾക്ക് പെട്ടിയും പറയും-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 3-6 | സംയോജിത നെൽകൃഷി വികസനം-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ |
| 3-7 | നടീൽവസ്തു വിതരണം(വനിത)-വിതരണവിവരം പൂർണ്ണമല്ല |
| 3-8 | ആരോഗ്യജാഗ്രതാ പ്രതിരോധ പ്രവർത്തനങ്ങൾ-ചെലവുരേഖകളുടെ അഭാവത്തിൽ 2,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| 3-9 | സ്കൂളുകളിലേയ്ക്കക്ക് പോഡിയം വാങ്ങൽ-നിർവ്വഹണത്തിൽ അപാകതകൾ |
| 3-10 | പാലിന് ഇൻസെന്റീവ് നൽകൽ-പദ്ധതിനടത്തിപ്പിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല |
| 3-11 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ |
| 3-12 | പദ്ധതി മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചില്ല-അങ്കണവാടി നിർമ്മാണത്തിന് വകയിരുത്തിയ ബ്ലോക്ക് വിഹിതം നഷ്ടമായി |
| 3-13 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് ഉക തടസ്സപ്പെടുത്തുന്നു |
| 3-14 | റോഡ് ടാറിംഗ് പ്രവൃത്തികൾ-ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടവാക്കിയിട്ടില്ല |
| 3-15 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല |
| 3-16 | സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ ഫണ്ടിന്റെ വിനിയോഗം-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |
| 3-17 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ-ചെലവഴിക്കാതെ തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| 3-18 | ആശ്രയപദ്ധതി അവലോകനം |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

| | |
|---|---|
| 2 | |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 28.03.17 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം കൂടുതൽ | കുറവ് | ശതമാനം (+/_) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 1,98,80,242 | 3,09,81,758 | 1,11,01,516 | | (+)56 |
| വരവ് | 12,18,69,000 | 8,73,64,872 | | 3,45,04,128 | (-)28 |
| ആകെ | 14,17,49,242 | 11,83,46,630 | | 2,34,02,612 | (-)17 |
| ചെലവ് | 13,50,75,000 | 10,52,11,641 | | 2,98,63,359 | (-)29 |
| നീക്കിയിരിപ്പ് | 66,74,242 | 1,31,34,989 | 64,60,747 | | (+)97 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ കഴിഞ്ഞിട്ടില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു

ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 29.06.2018 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 29.06.2018-30.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 18.07.2018ലെ കെ.എസ്.എ-കെ.ടി.എം.പി12/1298/2018 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 3,09,81,758 |
| വരവ് | 8,73,64,872 |
| ആകെ | 11,83,46,630 |
| ചെലവ് | 10,52,11,641 |
| നീക്കിയിരിപ്പ് | 1,31,34,989 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,16,90,000 | 2,16,90,000 | 1,75,70,056 | 41,19,944 | 81 |
| വികസനഫണ്ട്എസ്.സി.പി. | 0 | 50,63,000 | 50,63,000 | 46,07,557 | 4,55,443 | 91 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8,46,000 | 8,46,000 | 2,01,372 | 6,44,628 | 24 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 78,95,000 | 78,95,000 | 43,47,257 | 35,47,743 | 55 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 53,36,000 | 53,36,000 | 22,87,692 | 30,48,308 | 43 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,21,92,549 | 1,21,92,549 | 70,70,921 | 51,21,628 | 58 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 1,99,950 | 0 | 0 | 0 | 1,99,950 | 0 |
| ഐ.സി.ഡി.എസ്. | 6,00,931 | 10,84,782 | 16,85,713 | 2,43,579 | 14,42,134 | 15 |

| | | | | | | |
|---|---|---|---|---|---|---|
| പൈക്കാ | 69,000 | 0 | 0 | 0 | 69,000 | 0 |
| ശുചിത്വ മിഷൻ | 0 | 6,53,800 | 6,53,800 | 0 | 6,53,800 | 0 |
| ജലനിധി | 28,34,640 | 44,64,621 | 72,99,261 | 34,41,881 | 38,57,380 | 47 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 42,86,943 | 42,86,943 | 30,90,989 | 11,95,954 | 72 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ് ഉൾപ്പെടെ) | 2,24,41,157 | 1,49,03,000 | 3,73,44,157 | 3,73,21,696 | 22,461 | --- |
| തനത് ഫണ്ട്(ബാങ്ക്)-പനച്ചിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 42,378 | 15,11,783 | 15,54,161 | 39,632 | 15,14,529 | --- |
| തനത് ഫണ്ട്(ബാങ്ക്)-കാനറ ബാങ്ക് | 54,35,703 | 1,86,59,711 | 2,40,95,414 | 1,87,21,697 | 53,73,717 | --- |
| എം.ജി. എൻ.ആർ. ഇ.ജി. എസ്.(*) - തൊഴിലാളികളുടെ കൂലി | 8,458 | 4,40,111 | 4,48,569 | 3,90,529 | 58,040 | 99 |
| എം.ജി. എൻ.ആർ. ഇ.ജി. എസ്.(*) - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1,24,65,298 | 1,24,65,298 | 1,24,65,298 | 0 | --- |
| ജോയിന്റ് വെൻഞ്ചർ(**) | 0 | 18,62,500 | 18,62,500 | 10,62,500 | 8,00,000 | 57 |
| ബി ഫണ്ട് | 0 | 26,400 | 26,400 | 26,400 | 0 | 100 |

(*) വരവുചെലവ് കണക്കുകൾ വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. അയത് അപാകതയായി ഖ.1-12ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(**)ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റ് നം.79/18- ക്ഷീര കർഷകർക്ക് ഇൻസെന്റീവ് ന് 3,00,000 രൂപയും ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്റ്റ് നം.122/18-അങ്കണവാടികൾക്ക് മെഡിസിൻ ബോക്സ് ന് 75,060 രൂപയും ബ്ലോക്ക് വിഹിതം ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് തൻവർഷം ലഭിച്ച തുകയല്ല, ഇത് മുൻവർഷങ്ങളിൽ ലഭിച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നതും തൻ വർഷം ചെലവഴിച്ചതുമാണ്.

## 1-6 വാർഷികപദ്ധതി അവലോകനം

### പദ്ധതി രൂപീകരണം

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ആദ്യപൊതുയോഗം 15.2.17-ൽ കൂടുകയും 17-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്റ്റുകൾ സംബന്ധിച്ച് ചർച്ച നടത്തുകയും 23.2.17- ൽ

ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്ന് കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. 2017-18 വാർഷികപദ്ധതിയുടെ തുടർന്നുള്ള വിവിധ പ്രവർത്തനഘട്ടങ്ങളുടെ ചുവടെ ചേർക്കുന്നു.

| | പ്രവർത്തനഘട്ടം | തീയതി |
|---|---|---|
| 1 | പദ്ധതി രൂപീകരണഗ്രാമസഭ | 6.4.17 മുതൽ 9.4.17 വരെ |
| 2 | നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 27.4.17, 19.6.17, 17.7.17 |
| 3 | വികലാംഗ ഗ്രാമസഭ | 17.4.17 |
| 4 | ഊരുകൂട്ടയോഗം | 18.4.17 |
| 5 | വികസനസെമിനാർ | 16.5.17 |
| 6 | വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭായോഗങ്ങൾ | 2.7.17 മുതൽ 9.7.17 വരെ |
| 7 | അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 7.11.17 |

ക്രമനമ്പർ 1 മുതൽ 5 വരെയുള്ള പ്രവർത്തനഘട്ടങ്ങളിലൂടെ 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 10.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (അജണ്ട -1തീരുമാനം നം-1).

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ടവർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് നിർദ്ദേശങ്ങൾ, പദ്ധതികളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ യോഗം ചേരാതിരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതും പദ്ധതിരൂപീകരണ/നിർവ്വഹണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വിഷയമേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. എന്നാൽ മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വാർഷികപദ്ധതിയുടെ ഭാഗമായി 2തവണ മാത്രമേ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയിട്ടുള്ളൂ എന്ന് കാണുന്നു. കൃഷിയും അനുബന്ധമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 17-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് യോഗം ചേർന്നതായി രേഖകളില്ല. പല വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സ്ബുക്കിൽ യോഗങ്ങളിൽ പങ്കെടുത്തവരുടെ ഹാജർമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഉദാ:-ആരോഗ്യം, പട്ടികജാതി വികസനം(7.3.17, 6.5.17), കുടിവെള്ള ശുചിത്വം മുതലായ വർക്കിംഗ് ഗ്രൂപ്പുകൾ.

മേൽനിരീക്ഷണച്ചുമതല ഫലപ്രദമായി നിറവേറ്റിയിട്ടില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണം, നടപ്പാക്കൽ, പദ്ധതിനിർവ്വഹണ ഘട്ടങ്ങളുടെ മേൽനിരീക്ഷണം, പദ്ധതികളുടെ ഫലപ്രദമായ പൂർത്തീകരണം വിലയിരുത്തൽ എന്നീ ചുമതലകൾ നിറവേറ്റുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

ഗ്രാമസഭായോഗങ്ങൾ

17-18 വാർഷികപദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും 4 തവണ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉദ്ദേശം | ഗ്രാമസഭാ തീയതി |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 6.4.2017 മുതൽ 9.4.17 വരെ |

| | |
|---|---|
| വ്യക്തിഗത ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | 2.7.17 മുതൽ 9.7.17 വരെ |
| 17-18 വാർഷികപദ്ധതി അവലോകനം | 14.10.17 മുതൽ 28.10.17 വരെ |
| 17-18 വാർഷികപദ്ധതി അവലോകനവും അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് അംഗീകാരവും | 9.2.18 മുതൽ 25.2.18 വരെ<br>2.11.17 |

എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ മതിയായ ജനകീയ പങ്കാളിത്തമുണ്ടായിരുന്നുവെന്നും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെന്നും ലഭ്യമാക്കിയ ഗ്രാമസഭാ മിനിറ്റ്സുകളിലെ രേഖപ്പെടുത്തലുകളിൽനിന്നും ബോധ്യമാകുന്നു.

പദ്ധതി അംഗീകാരം

ജില്ലാ ആസൂത്രണസമിതിയുടെ 30.5.2017 ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ 17.3.18-ലെ യോഗ തീരുമാനത്തിലെ 14(1) ഭേദഗതിനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ വാർഷികപദ്ധതിക്ക് ഡി.പി.സി-യുടെ അന്തിമാംഗീകാരവും ലഭിച്ചിട്ടുണ്ട്. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 9,04,62,397/--രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 231 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതി നിർവ്വഹണം

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 135 പ്രോജക്ടുകൾക്കുവേണ്ടി വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 4,47,63,561/-രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷികപദ്ധതിച്ചെലവ് 49.48 % മാത്രമാണ്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ തൻവർഷത്തെ ചെലവ് ശതമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ട്/ വകയിരുത്തിയ തുക | നടപ്പാക്കിയ പ്രോജക്ടുകൾ/ ചെലവഴിച്ച തുക | ചെലവുശതമാനം |
|---|---|---|---|
| കൃഷി ഓഫീസർ | 6<br>78,01,630 | 6<br>49,84,365 | 63.88 |
| വെറ്ററിനറി സർജൻ | 6<br>47,05,470 | 5<br>19,65,400 | 41.76 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3<br>10,50,000 | 3<br>7,86,017 | 74.85 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2<br>7,85,500 | 2<br>7,85,500 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1<br>50,000 | 1<br>50,000 | 100 |
| വി.ഇ.ഒ. | 5<br>43,25,560 | 5<br>33,85,198 | 78.26 |

| | | | |
|---|---|---|---|
| വി.ഇ.ഒ. | 2<br>21,69,000 | 2<br>12,38,082 | 57.08 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7<br>77,59,332 | 5<br>59,85,918 | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1<br>15,00,000 | 1<br>14,96,764 | 99.78 |
| എച്ച്.എം., ഗവ.എൽ.പി.എസ്. | 9<br>23,80,250 | 5<br>14,79,546 | 62.15 |
| അസിസ്റ്റന്റ് സെക്രട്ടറി | 17<br>79,11,142 | 10<br>48,08,929 | 60.78 |
| സെക്രട്ടറി | 31<br>1,11,94,625 | 15<br>37,59,861 | 33.58 |
| അസിസ്റ്റന്റ് എൻജിനീയർ | 141<br>3,88,29,888 | 75<br>1,40,37,181 | 36.15 |
| അസിസ്റ്റന്റ് എൻജിനീയർ | 9,04,62,397 | 4,47,63,561 | 49.48 |

സ്പിൽ ഓവറിന് ഉൾപ്പെടെ ഫണ്ട് ലഭ്യമാകുമെന്ന് കണക്കാക്കി അടങ്കൽ അധികമായി വകയിരുത്തിയതും ആവിഷ്ക്കരിച്ച പകുതിയോളം പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും കാരണം വാർഷികപദ്ധതിയുടെ ചെലവ്ശതമാനം കുറയുന്നതിനിടയായി.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

ഓഡിറ്റ് വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 12 യോഗങ്ങൾ കൂടിയിട്ടുണ്ട്. പൊതുഭരണം, ഓഡിറ്റ്, ബജറ്റ്, എന്നിങ്ങനെ അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കമ്മിറ്റി ചുമതലകൾ നിറവേറ്റിയിട്ടുണ്ട്. സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ നിലവിലുള്ള നികുതികളുടെ പിരിവ്പുരോഗതി വർദ്ധിപ്പിക്കുന്നതിനും വാടക,ലേലം ഇനങ്ങളിലൂടെ വരുമാനവർദ്ധനവ് സാധ്യമാക്കുന്നതിനും സ്റ്റാന്റിംഗ് കമമിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. വരവുചെലവ് കണക്കുകളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തുന്നതിലേക്കായി സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. കണക്കുസൂക്ഷിപ്പിൽ മുൻവർഷങ്ങളിലുൾപ്പെടെ ഉണ്ടായിട്ടുള്ളതും ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുമായ പല അപാകതകളും നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. (വാർഷിക ധനകാര്യപത്രിക) തനതുവരുമാനവർദ്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് ജനറൽകമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടുള്ളതായും തീരുമാനങ്ങളെടുത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായും മിനിറ്റ്സ് രേഖകൾ വ്യക്തമാക്കുന്നു. (ഉദാ- ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥാപനങ്ങളെ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളും നടപടികളും)

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

5.4.17-ലാണ് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ആദ്യയോഗം ചേരുന്നത്. പദ്ധതിക്കാലയളവിൽ ആകെ 19 യോഗങ്ങൾ കൂടിയിട്ടുണ്ട്. യോഗങ്ങളിൽ വാർഷികപദ്ധതിയുടെ ഭാഗമായി വരുന്ന പ്രോജക്ടുകളെക്കുറിച്ചും പൊതുഭരണവുമായി ബന്ധപ്പെട്ട ഇതരവിഷയങ്ങളും ചർച്ചചെയ്ത് തീരുമാനങ്ങളെടുക്കുകയും യോഗവിവരങ്ങളുടെ മിനിറ്റ്സ് കൃത്യമായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന മേഖലകളിൽ നടപ്പാക്കിയ വികസനപദ്ധതികളുടെ നിർവ്വഹണ പുരോഗതി

വിലയിരുത്തുന്നതിലും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും കാര്യക്ഷമമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം 12 യോഗങ്ങൾ കൂടിയിട്ടുണ്ട്. 15.3.17-ലെ സ്റ്റാന്റിംഗ്കമ്മിറ്റി യോഗത്തിൽ 17-18 ലേക്കുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചു. 8.5.17-ൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആദ്യയോഗം ചേരുകയും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് നിർദ്ദേശങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ പരിധിയിൽ വരുന്ന പ്രോജക്ടുകളുടെ നിർവ്വഹണപുരോഗതി അവലോകനം നടത്തി തീരുമാനങ്ങളെടുത്തിട്ടുള്ളതായും മിനിറ്റ്സിലെ രേഖപ്പെടുത്തലുകളിൽനിന്നും ബോധ്യമായിട്ടുണ്ട്. സ്റ്റാന്റിംഗ്കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് എഴുതി പൂർത്തീകരിച്ച് ആധികാരികമാക്കിയിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി

17-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആദ്യയോഗം 5.5.17-ലാണ്. എല്ലാമാസവും ഒന്നിൽ കൂടുതൽ തവണ യോഗം ചേരുന്നുണ്ടെങ്കിലും പെൻഷൻ സംബന്ധിച്ച അപേക്ഷകളുടെ വിവരങ്ങൾ മാത്രമാണ് മിക്ക യോഗങ്ങളിലും അജണ്ടാ വിഷയമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയ്ക്ക് നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും സജീവമായി ഇടപെടേണ്ടതും ചുമതല നിറവേറ്റേണ്ടതുമാണ്.

വാർഷികപദ്ധതി- നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

*കാർഷികമേഖലയിൽ പാടശേഖരങ്ങൾക്ക് പെട്ടിയും പറയും സ്ഥാപിക്കുന്നതിനായി 10.49 ലക്ഷം രൂപ ചെലവഴിച്ചു.

*സംയോജിത നെൽകൃഷിവികസനത്തിനായി ബ്ലോക്ക്വിഹിതമുൾപ്പെടെ 32 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കിയതിലൂടെ തരിശുനിലങ്ങൾ കൃഷിഭൂമിയാക്കി നെല്ലുത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു.

*കന്നുകുട്ടി പരിപാലനപദ്ധതി, ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ, പാലിന് സബ്സിഡി തുടങ്ങി മൃഗസംരക്ഷണമേഖലയിലും ക്ഷീരവികസനമേഖലയിലും പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു.

*പശ്ചാത്തലമേഖലയിൽ കോൺക്രീറ്റിംഗും ടാറിംഗും പുതിയ റോഡുകളുടെ നിർമ്മാണവും ഉൾപ്പെടെ റോഡ് വികസനത്തിനായി പ്രോജക്ടുകൾ ആവിഷ്ക്കരിച്ചുനടപ്പാക്കി.

*127, 130, 140, 119, 115 എന്നീ നമ്പർ അങ്കണവാടികളുടെയും കെട്ടിടനിർമ്മാണത്തിനും
അറ്റകുറ്റപ്പണികൾക്കുമായി ആവിഷ്ക്കരിച്ചിരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കി.
*പൊതുശ്മശാനം നവീകരിച്ചു.

കോട്ടങ്ങൾ

*വാർഷികപദ്ധതിയുടെ ചെലവ് 50% മാത്രമാണ്.

*അംഗീകാരം കിട്ടിയ 231 പ്രോജക്ടുകളിൽ 135 എണ്ണത്തിനുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത്.

*15-16-ൽ ആവിഷ്ക്കരിച്ചിരുന്നതും 16-17-ലും 17-18-ലും സ്പിൽഓവറായി തുടർന്നതുമായ 5 പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയില്ല.

*റോഡ് വികസനത്തിനായുള്ള കൂടുതൽ പ്രോജക്ടുകൾക്കും ധനകാര്യക്കമ്മീഷൻഗ്രാന്റ് വകയിരുത്തിയതിനാൽ ലഭ്യമായ റോഡ്സംരക്ഷണഗ്രാന്റിന്റെ 45 ശതമാനവും ചെലവഴിക്കപ്പെടാതെ നഷ്ടമായി.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിലെ 368 അയൽക്കൂട്ടങ്ങളിലൂടെ പദ്ധതി നിർവ്വഹണം നടത്തി വരുന്നു. 2017-18ൽ 802

കുടുംബങ്ങൾ തൊഴിൽഡിമാന്റ് ചെയ്യുകയും 645 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിക്കുകയും ചെയ്തു. പഞ്ചായത്തിലെ 23 വാർഡുകളിലെയും ഗ്രാമസഭകളിൽ ലേബർ ബജറ്റ് തയ്യാറാക്കുകയും, ഇത് പ്രകാരം ആകെ 945 പദ്ധതികൾ വിഭാവനം ചെയ്യുകയും, 167 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. ആയതിൽ 95 പദ്ധതികൾ പൂർത്തിയാക്കി. 2017-18 സാമ്പത്തിക വർഷം 1,04,74,550 രൂപ ലേബർ കമ്പോണന്റായും, 1,99,074 രൂപ മെറ്റീരിയൽ കമ്പോണന്റായും ചെലവഴിച്ചിട്ടുണ്ട്.
വരവുചെലവ് വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 8,458 | 4,40,111 | 4,48,569 | 3,90,529 | 58,040 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,24,65,298 | 1,24,65,298 | 1,24,65,298 | 0 |
| | 8,458 | 1,29,05,409 | 1,29,13,867 | 1,28,55,827 | 58,040 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 62 | 26,400 |
| കർഷകതൊഴിലാളി പെൻഷൻ | 984 | 1,12,04,500 |
| വിധവാപെൻഷൻ | 1271 | 1,35,89,800 |
| വാർദ്ധക്യകാലപെൻഷൻ | 3168 | 3,72,13,800 |
| വികലാംഗപെൻഷൻ | 409 | 1,35,89,800 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 170 | 5,77,600 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2019 തീയതിയിൽ 3:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 78,876 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പൊതുവായനിയന്ത്രണം

ഭരണക്രമം സുഗമമാക്കുന്നതിനായി വിവിധ തസ്തികകളിലെ ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവിലൂടെ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ അടിക്കടി ഉണ്ടായ ജീവനക്കാരുടെ സ്ഥലം മാറ്റം പൊതുവായ നിയന്ത്രണത്തെ ബാധിച്ചിട്ടുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോവുന്ന ഉദ്യോഗസ്ഥർ അവർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ കൈമാറ്റം ചെയ്യാതെ തന്നെ വിടുതൽ ചെയ്യുന്ന സാഹചര്യവുമുണ്ട്.

അക്കൗണ്ടിംഗ് സമ്പ്രദായം

അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ വളരെയധികം പോരായ്മകൾ നിലനിൽക്കുന്നുണ്ട്. ജീവനക്കാരുടെ സ്ഥലം മാറ്റവും അക്കൗണ്ടന്റ് തസ്തികയിലുള്ളവർക്ക് ഫലപ്രദമായ പരിശീലനം ലഭിക്കാത്തതും അപാകങ്ങൾക്ക്

കാരണമാകുന്നു. വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ പലതും ഓഡിറ്റ് വേളയിൽ പരിഹരിച്ചിട്ടുണ്ട്.

നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണം

വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. വരവിനങ്ങളുടെ ഡി സി ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എന്നാൽ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്.

ചെലവ് രേഖകളുടെ സൂക്ഷിപ്പ്

ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുമ്ട്. വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അനുബന്ധ രേഖകളോടൊപ്പം ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല

സാധനങ്ങളുടെയും സേവനങ്ങളുടെ സമാഹരണത്തിലുള്ള നിയന്ത്രണം

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010), കേരള സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സാധനങ്ങളും സേവനങ്ങളും സമാഹരിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടർ ഹാർഡ്വെയറിനും സോഫ്റ്റ്വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 11.11.2014ലെ സർക്കുലർ നം.74207/ഐ ബി 1/2013/ത.സ്വ.ഭ.വ യിൽ നിർദേശിച്ചിരിക്കുന്ന മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2019 | 01/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.7.2017 | 2012-13 - 2016-17 | LBA(HQ)II/8A-182/13.09.2017 |

## 1-12 വാർഷിക ധനകാര്യപത്രികയുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ.(എംഎസ്)152/11/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തുന്ന നടപടി പൂർത്തിയായിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) കാലാവധി കഴിഞ്ഞതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചുവടെ ചേർക്കുന്ന ചെക്കുകൾ liability in respect of state cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല (കോർപ്പറേഷൻ ബാങ്ക് ജലനിധി അക്കൗണ്ട് നം.023200101007061).

| | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1. | 2,08,089 | 20.06.2017 | 70,802 |
| 2. | 2,08,089 | 20.06.2017 | 17,700 |

4) ദുരിതാശ്വാസനിധി - B-2 ഷെഡ്യൂളിലെയും B-17 ഷെഡ്യൂളിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

5) ജലനിധി അക്കൗണ്ട് ബാലൻസ് B-4 (320300102), B-17 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

6) B-4 ഷെഡ്യൂളിലെ 320100121, 320100115, 320800101 എന്നീ ശീർഷകങ്ങളിലുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

7) ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻബാക്കിയുൾപ്പെടെയുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.
8) രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-8 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ (85,400/- രൂപ) വിശദാംശങ്ങൾ ലഭ്യമല്ല.
9) B-9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന 350200110 ശീർഷകത്തിലുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. 350800299 എന്ന ശീർഷകത്തിൽ other liabilities എന്ന ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന 9,75,013/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
10) മുൻവർഷത്തെ വാർഷികധനകാര്യപത്രികയുടെ B-18 ഷെഡ്യൂൾ പ്രകാരം 460500201, 460500202, 460600101 എന്നീ ശീർഷകങ്ങളിലുള്ള തുകകളായ 5,03,000/- രൂപ, 33,75,538/- രൂപ, 9,000/- രൂപ എന്നിവ വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ തന്നെ ആസ്തിയാക്കി മാറ്റിയിരിക്കുന്നു.
11) 2017-18 വർഷം പാർട്ട് ബിൽ നൽകിയ ചുവടെ ചേർക്കുന്ന തുകകൾ Capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | തുക |
|---|---|---|
| 1. | 206/18 | 8,51,548 |
| 2. | 155/18 | 8,56,872 |

12) അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കാത്തതിനാൽ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.
13) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. I-1 ഷെഡ്യൂൾ പ്രകാരം ടിയിനത്തിലുള്ള തുക 24,34,690/- രൂപയാണ്. എന്നാൽ RP-1 പ്രകാരം ടിയിനത്തിലുള്ള തുക 24,18,940/- രൂപയാണ്. വ്യത്യാസം (15,750/- രൂപ) വിശദീകരിക്കപ്പെട്ടിട്ടില്ല.
14) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയുടെ ഡി.സി.ബി., കുടിശിക ഡിമാന്റ് രജിസ്റ്റർ മുതലായവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
15) ലേലരജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP-5 പ്രകാരമുള്ള വരവ് തുകകളായ 1,03,701 (ശീർഷകം 150120103), 8,91,076/- (ശീർഷകം 15012014) എന്നിവയുടെ കൃത്യത വ്യക്തമല്ല.
16) തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
17) ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ടി ഷെഡ്യൂൾ പ്രകാരമുള്ള വസ്തുനികുതിയുടെ 5 ശതമാനമല്ല.
18) വസ്തുനികുതിയുടെ ഡി.സി.ബി. തുകകൾ സാംഖ്യ, സഞ്ചയ എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.
19) തൊഴിലില്ലായ്മ വേതനമിനത്തിലുള്ള യഥാർത്ഥ വരവ് തുക 52,800/- രൂപയും ചെലവ് 26,400 രൂപയുമാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് പത്രിക ആർ.പി.7 ഷെഡ്യൂൾ പ്രകാരം വരവ് 26,400 മാത്രമാണ്.
20) വാർഷിക ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് വിഹിതം തൻവർഷം ലഭിച്ചത് 18,62,500(RP-31 ഷെഡ്യൂൾ) രൂപയും തൻവർഷ നീക്കിയിരിപ്പ് 8,00,000 രൂപയുമാണ്(ബി-4 ഷെഡ്യൂൾ). എന്നാൽ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് വിഹിതം തൻവർഷ അടങ്കൽ 17,60,100 രൂപയും ചെലവ് 14,37,560 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
21) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവുചെലവ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ

1)പഞ്ചായത്തിൽ നികുതി പിരിവിനായി വിതരണം ചെയ്ത നം.19704 രസീതു ബുക്കിൽ 2/19704 മുതൽ 80/19704 വരെയുള്ള രസീതുകളിലെ രേഖപ്പെടുത്തലിന് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.
2)ചുവടെ പറയുന്ന രസീതു ബുക്കുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.
31085
19691
19689
19690
3)11.9.17 ൽ ഫ്രണ്ട് ഓഫീസ് ഉപയോഗത്തിനു നൽകിയ 31085 -ാം നമ്പർ ബുക്കിന്റെ 6/31085 വരെയുള്ള രസീതുകൾ ഉപയോഗിച്ചിട്ടുണ്ട്. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

## 2-2-1 വസ്തുനികുതി പരിഷ്കരണം

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. വിവരശേഖരണം പൂർത്തിയായ 13832 കെട്ടിടങ്ങളിൽ അംഗീകരിച്ചവ 13756 ആണ്. അംഗീകരിച്ച 13756 എണ്ണത്തിൽ ഫോറം 6 എൻട്രി പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത് 13663 എണ്ണത്തിന്റെയാണ്. നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ തിരുത്തൽ വരുത്തുകയോ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രോസസ് (ഡെമോളിഷ്, എക്സെംപ്ഷൻ, വേക്കൻസി റെമിഷൻ മുതലായവ) പരിഹരിച്ച് ഡേറ്റാ കൃത്യമാക്കുന്നതിനുവേണ്ടിയുള്ള ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ തിരുത്തൽ ആവശ്യമായ 14655 കെട്ടിടങ്ങളിൽ 12711 എണ്ണത്തിന്റെ പ്യൂരിഫിക്കേഷൻ നടത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-2-2 പൂവത്തുരുത്ത് വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിൽ നിന്നും നികുതികൾ ഈടാക്കുന്നത്- കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പൂവത്തുരുത്തിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി, സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദേശിച്ചിരുന്നു(ഖ.2-3-3). പ്രസ്തുത നികുതികൾ പിരിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടെന്ന നിയോപദേശത്തെ തുടർന്ന് ഇവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് വ്യവസായ വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെടാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു (09.11.2017ലെ 2 നമ്പർ തീരുമാനം). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/12.03.2019) മറുപടി നൽകിയില്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പഞ്ചായത്ത് നടപടി ആരംഭിച്ചതായിരുന്നുവെന്നും എന്നാൽ ഈ നടപടിയെ എതിർത്ത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യാപാരികൾ തുടർന്ന് പഞ്ചായത്തിന്റെ നടപടിക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും കേസിലെ അന്തിമവിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുവാനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. കോടതിവിധിക്കനുസൃതമായി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2-3 ആരാധനാലയങ്ങളോട് ചേർന്നുള്ള ഓഡിറ്റോറിയങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ആരാധനായലങ്ങളോട് അനുബന്ധിച്ചുള്ള ഹാളുകൾ/ഓഡിറ്റോറിയങ്ങൾ എന്നിവയുടെ വസ്തുനികുതി സ.ഉ(എം.എസ്)നം.20/2011, 04.01.2011 ന്റെയടിസ്ഥാനത്തിൽ അവക്ക് ബാധകമായ നിരക്കിൽ പരിഷ്കരിച്ചിട്ടില്ല.

1. സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, ചാന്നാനിക്കാട്
2. സ്ലീബാ ഓഡിറ്റോറിയം, പാത്താമുട്ടം

3. സെൻ്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് പാരിഷ് ഹാൾ, കുഴിമറ്റം
4. ബെത്‌ലഹേം മാർത്തോമാ ചർച്ച് പാരിഷ് ഹാൾ, കൊല്ലാട്
5. സെൻ്റ് പോൾസ് ഓർത്തഡോക്സ് ചർച്ച്, കൊല്ലാട്
6. സെൻ്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയം, വെള്ളൂത്തുരുത്തി, കുഴിമറ്റം
7. ചെറുപുഷ്പം ചർച്ച് പാരിഷ് ഹാൾ
8. സെൻ്റ് പോൾസ് സി എസ് ഐ ചർച്ച് പാരിഷ് ഹാൾ, മൂലേടം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് മേൽ പരാമർശിത ചട്ടപ്രകാരം അവയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/18.3.2019) മറുപടി നൽകിയില്ല. പരാമർശിത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **2-2-4** <u>സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.4.12ലെ 49590/RC2/2011നമ്പർ സർക്കുലർ പ്രകാരം അംഗീകൃത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവിന് അർഹത ഉണ്ടായിരിക്കുകയില്ല എന്നും 14.1.11 മുതൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 ബിഎ വകുപ്പനുസരിച്ച് ഹയർസെക്കണ്ടറി തലം വരെയുള്ള സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ അവയുടെ ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവയ്ക്ക് മാത്രമേ നികുതിയിളവ് അനുവദിക്കപ്പെട്ടിട്ടുമുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായ പി.ജി.രാധാകൃഷ്ണൻ മെമ്മോറിയൽ എസ്.എൻ.കോളേജിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തത് സംബന്ധിച്ച് 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്(ഖ.2-3-2). സഞ്ചയ വസ്തുനികുതി മൊഡ്യൂൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/12.03.2019) മറുപടി നൽകിയില്ല. പ്രസ്തുത സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **2-2-5** <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി- പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കണം</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 3 മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സഹായത്തോടെ നേരിട്ട് പരിശോധിക്കുകയും ടവർ, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ തറവിസ്തീർണ്ണം അളന്ന തിട്ടപ്പെടുത്തുകയും ചെയ്തതിൽ ഇവയുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിരിക്കുന്ന തറവിസ്തീർണ്ണവുമായി (സഞ്ചയ വസ്തുനികുതി മൊഡ്യൂൾ പ്രകാരം) വ്യത്യാസമുള്ളതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവർ പരിപാലിക്കുന്ന സ്ഥാപനം | വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിരിക്കുന്ന തറവിസ്തീർണ്ണം(ച.മീ), സഞ്ചയ പ്രകാരം | സാങ്കേതിക വിഭാഗം അളന്ന തിട്ടപ്പെടുത്തിയ തറവിസ്തീർണ്ണം(ച.മീ) |
|---|---|---|---|---|
| 1. | 13/335 എ | റിലയൻസ് ഇൻപ്രാസ്ടക്ചർ ലിമിറ്റഡ് ലിമിറ്റഡ് | 12 | 46.61 |
| 2. | 13/145 എ | വോഡഫോൺ എസ്സാർ സെല്ലുലാർ സർവ്വീസസ് | 10 | 85.22 |

| | | | | |
|---|---|---|---|---|
| 2. | 13/251 എ | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 12 | 89.57 |

ഇവയെക്കൂടാതെ മറ്റ് 4 ടവറുകളുടെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | ടവർ പരിപാലിക്കുന്ന സ്ഥാപനം | തറവിസ്തീർണ്ണം(ച.മീ), സഞ്ചയ പ്രകാരം |
|---|---|---|---|
| 1 | 8/473/A | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 8 |
| 2 | 10/202/A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 33.59 |
| 3 | 10/204/A | ബി.എസ്.എൻ.എൽ. | 6 |
| 4 | 19/275/A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 10.98 |

13/335 എ നമ്പരായുള്ള മൊബൈൽ ടവറിനു സമീപം വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്ത മറ്റൊരു ടവറും കൂടി പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ഇതിന് 58.48 ച.മീ തറവിസ്തീർണ്ണം ഉണ്ടെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സഞ്ചയ പ്രകാരമുള്ള ടവറുകളുടെ തറവിസ്തീർണ്ണം കൃത്യമല്ലായെന്ന് പ്രാദേശിക പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും തറവിസ്തീർണ്ണം പുനപരിശോധിക്കുകയും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.2014 ലെ 40395/RC2/2014/LSGD നം. സർക്കുലറിൽ നിർദേശിച്ചിരിക്കുന്ന പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധനയും നടത്തേണ്ടതാണ്.

## 2-2-6 ഭേദഗതി വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം ചുവടെ ചേർക്കുന്നയിനം കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ വിജ്ഞാപനം ചെയ്തിരുന്നു

1. സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ
2. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന ആഡിറ്റോറിയം, ക്യാന്റീൻ
3. 2006 ലെ എം എസ് എം ഇ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ
4. ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ

എന്നാൽ ചട്ടത്തിൽ നിർദേശിച്ച പ്രകാരം, മേൽ പരാമർശിച്ചയിനം കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. വിജ്ഞാപനം ചെയ്യാതെ തന്നെ ക്രമ നം. 3 ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് 25 രൂപ എന്ന നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയുള്ള നികുതി നിർണ്ണയത്തിന് നിയമസാധുത ഉള്ളതല്ല. ആയതിനാൽ മേൽ പരാമർശിത ഗണം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അടിയന്തിരമായി ചട്ടപ്രകാരം വിജ്ഞാപനം ചെയ്യേണ്ടതും വിശദാംശം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-2-7 നിർമ്മാണം പൂർത്തീകരിച്ച അളവിലും കുറവായി തറവിസ്തീർണ്ണത്തിന് കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ ജോസഫ് വർഗീസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ, ഓവർസീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരമുള്ളതിലും കുറഞ്ഞ തറവിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയം നടത്തിയതെന്നു പരിശോധനയിൽ ബോധ്യപ്പെട്ടു.

കംപ്ലീഷൻ പ്ലാൻ, ഓവർസീയറുടെ 02.09.2017 തീയതിയിലെ റിപ്പോർട്ട് എന്നിവ പ്രകാരം രണ്ട് നിലകളിലായി 216.60 ച.മീറ്റർ തറവിസ്തീർണ്ണത്തിലാണ് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്

| കെട്ടിട നം. | തറവിസ്തീർണ്ണം(ച.മീ) | വാർഷിക വസ്തുനികുതി(രൂപ)(വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടം- ച.മീറ്ററിന് 30 രൂപ നിരക്കിൽ) |
|---|---|---|
| 2/95 എ | 17.21 | 620 |
| 2/95 ബി | 23.17 | 835 |
| 2/95 സി | 20.09 | 724 |
| 2/95 ഡി | 20.09 | 724 |
| 2/95 ഇ | 23.17 | 835 |
| 2/95 എഫ് | 20.09 | 724 |
| 2/95 ജി | 8.73 | 315 |
| ആകെ | 132.55 | 4777 |

100 ച.മീറ്റിലധികം തറവിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടടിത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ ബാധകമാക്കിയിട്ടുള്ള ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. പരാമർശിത കെട്ടിടം പ്രസ്തുത ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന വാണിജ്യ ഗണത്തിൽപ്പെട്ടതായതിനാലും 100 മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതിനാലും വസ്തുനികുതി നിർണ്ണയിക്കേണ്ടത് വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ ബാധകമാക്കിയിട്ടുള്ള ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/13.03.2019) മറുപടി നൽകിയില്ല. കെട്ടിത്തിന്റെ വസ്തുനികുതി യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ ബാധകമായ നിരക്കിൽ പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2-8 വസ്തുനികുതി നിർണ്ണയം- ഫയലുകൾ ഹാജരാക്കിയില്ല

2017-18 വർഷം വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ ഓഡിറ്റ് റിക്വിസിഷൻ നം.6 പ്രകാരം ആവശ്യപ്പെട്ടതിൽ 7 ഫയലുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ലഭ്യമാക്കാത്ത ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | 1/161 എ | ഫിലിപ്പ് കെ. തോമസ്, കുളത്തുംപറമ്പിൽ |
| 2 | 1/128 ബി | എബ്രഹാം ഫിലിപ്പോസ്, കാഞ്ഞിരത്തുംമൂട്ടിൽ |
| 3 | 2/139 എ | പുന്നൂസ് എം. പാറക്കൽ |
| 4 | 4/24 എ | കെ.എം.ടൈറ്റസ്, കട്ടമറ്റം |

| | | |
|---|---|---|
| 5 | 16/350 എ | ജനറൽ സെക്രട്ടറി, നായർ സർവ്വീസ് സൊസൈറ്റി |
| 6 | 20/369 ബി, സി | ആന്റണി കോയിപ്പറമ്പിൽ |
| 7 | 21/361 എ,ബി,സി.ഡി,എഫ് | മറിയാമ്മ ചെറിയാൻ |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ഫയലുകൾ ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ (2017-18) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു.

1) വിവേകാനന്ദ പബ്ലിക് സ്കൂൾ

2) ക്ഷീരവികസനവകുപ്പ് ഓഫീസ്

3) ഐ.സി.ഡി.എസ് ഓഫീസ്

4) പാത്താമുട്ടം, ചാന്നാനിക്കാട്, കൊല്ലാട് ക്ഷീരസംഘങ്ങൾ

2) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1022 വാണിജ്യസ്ഥാപനങ്ങളും, 314 വ്യാവസായിക സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ 79 സ്ഥാപനങ്ങൾ മാത്രമേ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിന്റെ പരിധിയിൽ വന്നിട്ടുള്ളൂ. ശേഷിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 കെട്ടിടങ്ങളുടെ ക്രമവൽക്കരണം

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണ അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 134 പ്രകാരം അനുബന്ധം ജെ യിലെ ഫാറത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ തൻവർഷം ആകെ ക്രമവൽകരിച്ച കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമല്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്താത്തതിനാൽ ഫീസ് കൃത്യമായി ഈടാക്കിയിട്ടുണ്ടോ എന്നത് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ക്രമവൽക്കരണത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-5 ഇ ടെൻഡർ ഫീസ് തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ഇ.എം.ഡി, ടെൻഡർഫീസ് എന്നീ ഇനങ്ങളിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ആകെ 21,730/- രൂപയാണ് ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വേലയുടെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 66/18 | പുത്തൻപറമ്പ് റോഡ്ടാറിംഗ്, കോൺക്രീറ്റിംഗ്, ഓവുചാൽനിർമ്മാണം | 2 | 1420 | 2,840 |

| | | | | |
|---|---|---|---|---|
| 132/18 | പൂവത്തുരുത്ത് ഗവ.എൽ.പി.എസ്.സ്റ്റോർ റൂം നിർമ്മാണം | 3 | 1650 | 4,950 |
| 136/18 | കൊല്ലാട് മിനിസ്റ്റേഡിയം ചുറ്റമതിൽഫെൻസിംഗ് | 4 | 1420 | 5,680 |
| 140/18 | കുഴിമറ്റം ഗവ.എൽ.പി.എസ് ടോയ്‌ലറ്റ്നിർമ്മാണം | 2 | 1180 | 2,360 |
| 148/18 | എൻ.എസ്.എസ്.എൽ.പി.എസ് പനച്ചിക്കാട് ടോയ്‌ലറ്റ് നിർമ്മാണം | 2 | 1180 | 2,360 |
| 150/18 | കുഴിമറ്റം ഗവ.എൽ.പി.എസ്.കഞ്ഞിപ്പുരനിർമ്മാണം | 3 | 1180 | 3,540 |
| ആകെ | | | | 21,730/- |

തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തിരികെ ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ ഫീസ് പഞ്ചായത്ത്ഫണ്ടിലേക്കും ജി.എസ്.റ്റി ഇനത്തിലുള്ള തുക ബന്ധപ്പെട്ട വകുപ്പിനും അടവാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കട്ടുവാക്കുളം ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്- അധികമായി ഒടുക്കിയ കുടിശിക തുക തടസ്സപ്പെട്ടുത്തുന്നു

വൗച്ചർ നം.21700287/21.07.17

ചെലവ് -25,440/-(തനതു ഫണ്ട്)

22.06.17 ൽ കെ.എസ്.ഇ.ബി. യിൽ നിന്നും ലഭിച്ച ബിൽ പ്രകാരം കടുവാക്കുളം ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ (കൺസ്യൂമർ നം.11004)വൈദ്യുതി ചാർജ് തുകയായ 25,440/- കെ.എസ്.ഇ.ബി. യിൽ (കെ.എസ്.ഇ.ബി. പള്ളം എക്സിക്യൂട്ടീവ് എൻജിനിയറുടെ കാനറബാങ്ക് പരുത്തുംപാറ ബ്രാഞ്ചിലെ അക്കൗണ്ട് നം.57003026412 ൽ ക്രഡിറ്റ് ചെയ്യുന്നത്) ഒടുക്കിയിട്ടുണ്ട്. ടി തുക മുൻമാസത്തെ ചാർജായ 8,700/-രൂപയും ഹൈമാസ്റ്റ് ലൈറ്റിന്റെ മീറ്റർ തകരാറിലായതിനാൽ 2/15,4/15,12/15,4/16,10/16 എന്നീ 5 മാസങ്ങളിൽ 4719 യൂണിറ്റിന്റെ വൈദ്യുതി ചാർജ് ഈടാക്കിയിട്ടില്ല എന്ന് വൈദ്യുതി ബോർഡിന്റെ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ഈടാക്കിയ 16,740/-രൂപയും ആണെന്ന് കാണുന്നു.വൗച്ചറിനോടൊപ്പമുള്ള ഡിമാന്റ് നോട്ടീസ്,ഷോർട്ട് അസ്സസ് മെന്റ് ബിൽ എന്നിവപരിശോധിച്ചപ്പോൾ മേൽ ചെലവിൽഅപാകതകൾ ഉള്ളതായികാണുന്നു.

കുടിശികതുക കണക്കാക്കിയതിലെ അപാകത ചുവടെ ചേർക്കുന്നു.

| | വൈദ്യുതി ബോർഡ് നൽകിയ ഷോർട്ട് അസ്സസ്മെന്റ് ബിൽ പ്രകാരമുള്ള വിവരങ്ങൾ | വൈദ്യുതി ബില്ലിലെ നിരക്കുകൾ പ്രകാരം കണക്കാക്കിയത് |
|---|---|---|
| മീറ്റർ തകരാറിലാകുന്നതിനുമുൻപുള്ള ശരാശരി ഉപഭോഗം | 2180 | 2180 |
| 2/15t04/15,12/15,4/16to10/16 കാലയളവിലെ ശരാശരി ഉപഭോഗം(5മാസംഎന്ന് കണക്കാക്കി) | 2366x5=1830(തുക കണക്കാക്കിയിരിക്കുന്നത് കൃത്യമല്ല. നിരക്ക് എപ്രകാരമാണ് കണക്കാക്കിയിരിക്കുന്നത് എന്നതും വ്യക്തമല്ല) | 2366x5=11830 |

| | | |
|---|---|---|
| മുൻപ് ചാർജ് ഈടാക്കിയ യൂണിറ്റ് | 10541 | 10541 |
| ബാക്കി ഈടാക്കേണ്ട യൂണിറ്റ് | 4719 | 11830 -10541=1289 |
| യൂണിറ്റിന് 3.60 രൂപ പ്രകാരം കണക്കാക്കേണ്ട തുക | 4719x3.6=16988 | 1289x3.6= 4640 |
| വൗച്ചർപ്രകാരം ഒടുക്കിയ കുടിശിക തുക | 16740 | |
| യഥാർത്ഥിൽ ഒടുക്കേണ്ടത് | | 4640 |
| അധികമായി ഒടുക്കിയത് | | 16740-4640=12100 |

വൈദ്യുത ചാർജ് നിരക്കുകളും കണക്കുകളും കൃത്യമല്ലാത്ത ബിൽ പ്രകാരമാണ് വൈദ്യുത ബോർഡ് തുക ഡിമാന്റ് ചെയ്തത്. ആയത് പരിശോധിച്ച് കൃത്യത ഉറപ്പാക്കാതെ ബിൽ പ്രകാരമുള്ള തുക അടവാക്കിയത് ക്രമപ്രകാരമല്ല. മാത്രമല്ല, ബില്ലിൽ പറഞ്ഞിരിക്കുന്ന 5 മാസങ്ങളിൽ തുക ഒടുക്കിയിട്ടുണ്ടോ എന്നതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല. മേൽ പറഞ്ഞത് പ്രകാരം ആവശ്യമായ പരിശോധന നടത്താതെ തുക ഒടുക്കിയത് അക്കൗണ്ടന്റിന്റെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കുടിശ്ശിക വരാൻ ഇടയായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വൈദ്യുത ചാർജ്ജിനത്തിൽ അധികമായി ഒടുക്കിയ കുടിശ്ശിക തുകയായ 16,740 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭിച്ച ബിൽ പ്രകാരം കണക്കാക്കിയാൽത്തന്നെ 12,100 രൂപ അധികം അടവാക്കിയിട്ടുണ്ട്.

അപാകതകൾ സബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്എൻക്വയറി നം 2/6.3.19ന് ലഭിച്ച മറുപടി തൃപ്തികരമല്ല. കുടിശ്ശിക അടയ്ക്കാൻ ഇടയായ സാഹചര്യം, കുടിശ്ശിക തുകയുടെ കൃത്യത എന്നിവ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക ഇനത്തിൽ ഒടുക്കിയ 16,740 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് സമഗ്രമായി അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 **24,201** രൂപയുടെ മുന്നിരിപ്പ് അടയ്ക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരമിനത്തിലുള്ള ബാധ്യത നിലവിൽ **2,75,399/-**രൂപയായിവർദ്ധിച്ചു

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 500 എണ്ണത്തിന് 2,18,750/- രൂപയാണ് പ്രതിമാസം അടവാക്കിവരുന്നത്. 2017 ഏപ്രിൽമാസത്തെ വൗച്ചർ പരിശോധിച്ചതിൽ മുന്നിരിപ്പുണ്ടായിരുന്ന 24201/-രൂപയും ആയതിനുള്ള ഫൈൻ ഇനത്തിൽ 475/-രൂപയും തൻമാസത്തെ തുക 2,18,750/-രൂപയും ഉൾപ്പെടെ ആകെ 2,43,426/- രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത് എന്ന് കാണുന്നു. എന്നാൽ തൻമാസത്തെ തുകമാത്രമാണ് പഞ്ചായത്ത് അടവാക്കിയിട്ടുള്ളത്. ഇപ്രകാരം ഓരോമാസവും തൻമാസത്തെ തുക മാത്രം അടവാക്കിപ്പോരുന്നു. ആയതിനാൽ പഞ്ചായത്ത് അടവാക്കാനവശേഷിച്ചിരുന്ന മുന്നിരിപ്പും ഫൈനും ഉൾപ്പെടെയുള്ള തുകയ്ക്ക് ഓരോ മാസവും ഫൈൻ ഡിമാന്റ് ചെയ്യുകവഴി 3/18 ആയപ്പോഴേക്കും മുന്നിരിപ്പ് ഇനത്തിലുള്ള ബാധ്യത ഫൈൻ ഉൾപ്പെടെ 35,768/-രൂപയായി വർദ്ധിച്ചു. ഫണ്ട് ലഭ്യമായിരുന്നിട്ടും മുന്നിരിപ്പ് തുക അടവാക്കാതിരുന്നതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. വാട്ടർ അതോറിറിറിയുടെ ഡിമാന്റ് പ്രകാരമുള്ള തുക ഒടുക്കാതിരുന്നതുവഴി ഫൈൻ ഇനത്തിൽമാത്രം 11,092/-രൂപ യാണ് തൻവർഷത്തെ ബാധ്യത. ഓഡിറ്റ് കാലയളവായപ്പോഴേക്കും (3/2019) ബാധ്യത 2,75,399/- രൂപയായി വർദ്ധിച്ചു.

മേൽസാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് അനുസരിച്ചുള്ള തുക ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഡിമാന്റ് തുക പൂർണ്ണമായും അടവാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും വെള്ളക്കരം അടവ് ഗ്രാമപഞ്ചായത്തിന് വൻബാധ്യതയാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി- നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 04/18 |

| | |
|---|---|
| അടങ്കൽ | 10,50,000(തനത് ഫണ്ട്) |
| ചെലവ് | 3,72,000 |
| കരാറുകാരൻ | വിനോദ് ടി.കെ., തടത്തിൽ |

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തി പ്രകാശിപ്പിക്കുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനും 2016-17 വർഷം ആവിഷ്കരിച്ച പ്രോജക്ട് ടെൻഡർ നടപടിക്രമങ്ങൾ താമസിച്ചതു കാരണം സ്പിൽ ഓവറായി 2017-18 വർഷം നടപ്പാക്കി. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. 10,50,000 രൂപ അടങ്കലിൽ ടെൻഡർ ചെയ്ത പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ നിരക്കായ 9,32,400 രൂപ ക്വോട്ട് ചെയ്ത വിനോദ് ടി.കെ. തടത്തിൽ എന്ന വ്യക്തിക്കാണ് കരാർ നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരുവ് വിളക്കുകളുടെ പരിപാലനം(റിപ്പയറിംഗും മെയിന്റനൻസും) സംബന്ധിച്ച മാർഗരേഖ(15.09.2011 ലെ സർക്കുലർ നം. ഡി എ 3/2011/ത.സ്വ.ഭ.വ) പ്രകാരം തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി യിലെയും അധികൃതർ സംയുക്ത പരിശോധന നടത്തി ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിരിക്കണം എന്നാണ്. എന്നാൽ സംയുക്ത പരിശോധന നടത്തി അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയല്ല പ്രവൃത്തി ടെൻഡർ ചെയ്തിട്ടുള്ളത്.
2. ആകെ അറ്റകുറ്റപണി നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണം, അംഗീകരിച്ച നിരക്ക്, ഗ്യാരന്റി കാലയളവ് എന്നീ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാറിലേർപ്പെട്ടിട്ടില്ല.

3. 40 w സിംഗിൾ ട്യൂബ് സെറ്റ്, 15 w സി എഫ് എൽ എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ നിന്നും ബോധ്യമായി. 40 w സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിന് ലേബർ ചാർജ്ജുൾപ്പെടെ 637 രൂപയും 15 w സി എഫ് എൽ സ്ഥാപിക്കുന്നതിന് ലേബർ ചാർജ്ജുൾപ്പെടെ 439 രൂപയുമാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ എല്ലാ വാർഡുകളിലുമായി കരാറുകാരൻ ആകെ മാറ്റി സ്ഥാപിച്ച ഉപകരണങ്ങളുടെ എണ്ണം പരിശോധിക്കാതെ ആകെ ക്വോട്ട് ചെയ്ത തുകയുടെ 40% തുകയായ 3,72,000 രൂപ ടിയാന് നൽകുകയാണുണ്ടായത്. കരാർ തുകയുടെ ബാക്കി 5,60,400 രൂപ 2018-19ൽ നൽകിയിട്ടുണ്ട്.
4. എ എം സി കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തനനിരതമാണോയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികൃതരും കരാറുകാരനും ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി കരാറിന്റെ പ്രാരംഭഘട്ടത്തിൽ പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലൊരു പരിശോധന നടത്തിയിട്ടില്ല.
5. ഉപകരണങ്ങളുടെ ഗുണമേൻമ പരിശോധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.28/15.03.2019) മറുപടി നൽകിയില്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം വെച്ചതെന്നും ആയതിനാലാണ് കരാർ പ്രകാരമുള്ള തുക മുഴുവനും നൽകിയത് എന്നുമാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചത്. ഗ്രമപഞ്ചായത്തിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തി ക്രോഡീകരിച്ചിട്ടില്ലാത്തതിനാൽ കരാറുകാരൻ ആകെ അറ്റകുറ്റപണി നടത്തിയതും പുതിയതായി സ്ഥാപിച്ച വിളക്കുകളുടെയും എണ്ണം സംബന്ധിച്ച പരിശോധന നടത്തിയിട്ട് വേണമായിരുന്നു തുക അനുവദിക്കേണ്ടിയിരുന്നത്. കെ.എസ്.ഇ.ബി. യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി ആകെ തെരുവ് വിളക്കുകളുടെ എണ്ണം വാർഡു തലത്തിൽ ക്രോഡീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കുമ്പോൾ തെരുവ് വിളക്കുകളുടെ പരിപാലനം(റിപ്പയറിംഗും മെയിന്റനൻസും) സംബന്ധിച്ച മാർഗരേഖ(15.09.2011 ലെ സർക്കുലർ നം.ഡി എ 3/2011/ത.സ്വ.ഭ.വ) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## **3-4** <u>എയ്റൊബിൻ നിർമ്മാണം-നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു</u>

പ്രോജക്റ്റ് നം.89/18
അടങ്കൽ-1,61,900/-
ചെലവ്-7,45,500/-(ധനകാര്യകമ്മീഷൻഗ്രാന്റ്)
ബിൽ നം.1/17-18 തീയതി 20.1.17
നിർവഹണഉദ്യോഗസ്ഥൻ- വി.ഇ.ഒ.

ഗ്രാമപഞ്ചായത്തിലെ കൊല്ലാട്, സദനം കവല, പാറക്കുളം എന്നീ മൂന്ന് സ്ഥലങ്ങളിൽ മാലിന്യസംസ്കരണം എന്ന ലക്ഷ്യത്തിൽ എയ്റൊബിൻ നിർമ്മിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ IRTC-PAU പാലക്കാട്എന്ന സ്ഥാപനവുമായി 2/10/17-ൽ കരാർ വെയ്ക്കുകയും ഒരു ബിൻ നിർമ്മിക്കുന്നതിന് 4,97,000/- പ്രകാരം മൂന്ന് ബിന്നുകൾക്ക് 14,91,000/-രൂപയുടെ 50% തുകയായ 7,45,500/-രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. 24.10.17 ൽ സ്ഥാപനം തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. എയ്റൊബിൻ നിർമ്മിക്കുന്നതിനെതിരായി തദ്ദേശവാസികൾ സംഘടിച്ച് ആക്ഷൻ കൗൺസിലുകൾ രൂപീകരിക്കുകയും കോട്ടയം തഹസീൽദാർക്ക് പരാതി നല്കുകയും ചെയ്തു. ഇതു സംബന്ധിച്ച റിപ്പോർട്ട് 6.1.18 മുൻപ് നല്കാൻ തഹസീൽദാരുടെ 22.7.17 ലെ K2/450/17നം. കത്ത് പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ പ്രസ്താവിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.18/13.3.19ന് ലഭിച്ച മറുപടിയിൽ സദനം കവലയിൽ എയ്റോബിൻ നിർമ്മാണം ആരംഭിച്ചപ്പോൾ നാട്ടുകാരുടെ എതിർപ്പിനെതുടർന്ന് പണി നിർത്തി വെയ്ക്കേണ്ടി വന്നുവെന്നും തുടർന്ന് മറ്റുരണ്ട് സ്ഥലങ്ങളിലും നിർമ്മാണം നടത്തിയില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. ഇപ്പോൾ സി.എച്ച്.സിയിൽ നിർമ്മാണംതുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു.

വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെയാണ് ടി പ്രോജക്റ്റ് ആവിഷ്കരിച്ചത് എന്നുകാണുന്നു. പ്രോജക്റ്റ് നാളിതുവരെ നടപ്പാകാത്ത സാഹചര്യത്തിൽ അക്രഡിറ്റഡ് ഏജൻസിയായ IRTC-PAU എന്ന സ്ഥാപനത്തിന് നൽകിയ 7,45,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പാടശേഖരങ്ങൾക്ക് പെട്ടിയും പറയും-പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം.-131/18
പ്രോജക്റ്റ് - പാടശേഖരങ്ങൾക്ക് പെട്ടിയും പറയും
നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
അടങ്കൽ -10,51,100/-
ചെലവ് -10,49,000/-
ബിൽ നം.2/17-18 തീയതി 23.10.17

പ്രോജക്റ്റ് പ്രകാരം കിഴക്കേപ്പുറം വടക്കേപ്പുറംഎന്നീ രണ്ടു പാടശേഖരങ്ങൾക്ക് പെട്ടിയും പറയും നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ താഴെചേർക്കുന്ന അപാകതകൾകാണുന്നു

*പാടശേഖരസമിതികളുടെ അപേക്ഷ ഫയലിൽ ലഭ്യമല്ല.

*കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വൈക്കം, പാടശേഖര സമിതികൾ എന്നിവരുമായി നിയമാനുസൃതം കരാറുകൾ ചമച്ചിട്ടില്ല.

*യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

*കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പലഘട്ടങ്ങളിലായി 9,02,120/-രൂപയുടെ കൈപ്പറ്റുവിവരങ്ങൾ മാത്രമെ ലഭ്യമായുള്ളൂ.

മേൽ പറഞ്ഞ അപാകതകൾ സബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ്എൻക്വയറി നം. 15/12.3.19 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പ്രോജക്റ്റിനായുള്ള 10,49,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സംയോജിത നെൽകൃഷി വികസനം- പ്രോജക്റ്റ് നടത്തിപ്പിൽ അപാകതകൾ

പ്രോജക്റ്റ് നം.-100/18 സംയോജിത നെൽകൃഷിവികസനം
അടങ്കൽ -57,54,250/-
ചെലവ്-32,22,481/-
ബിൽ നം.1) 3/17-18 തീയതി 25.01.18 - 10,19,668/-(വികസനഫണ്ട്)
2) 9/17-18 തീയതി 20.02.18 -4,43,632/-(വികസനഫണ്ട്)

3) 8/17-18 തീയതി 20.02.18 -3,39,200/-(വികസനഫണ്ട്)
4) 12/17-18 തീയതി 15.03.18 -2,87,136/-(വികസനഫണ്ട്)
5) 11/17-18 തീയതി 15.03.18 - 57,845/-(വികസനഫണ്ട്)
6) തീയതി 22.2.18 - 12,500/-(തനത് ഫണ്ട്)
7) തീയതി 22.2.18 - 10,62,500/-(ബ്ലോക്ക് വിഹിതം)
ആകെ 32,22,481

പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പതിമൂന്നാം പഞ്ചവൽസരപദ്ധതി മാർഗരേഖ പ്രകാരം(ജി.ഒ(എം.എസ്.)നം.80/17 ത.സ്വ.ഭ.വ തീയതി 3.4.17 പ്രകാരം 2 ഹെക്ടർ വരെ ഭൂമിയുള്ളവർക്ക് നല്കാവുന്ന പരമാവധി കൂലിചെലവ് 30,000/-രൂപയാണ്. എന്നാൽ താഴെ പറയുന്നവർക്ക് പരമാവധിയിൽ കൂടുതൽ തുക നൽകിയതായി കാണുന്നു

| ക്രമ നം. | സബ്സിഡി ആനുകൂല്യം ലഭിച്ച വ്യക്തി | ഭൂ വിസ്തീർണ്ണം | നൽകേണ്ട തുക | നല്കിയ തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 1. | കെ.കെ.ബാബു,<br>കക്കാട്, കുന്നമ്മ(E), കാവാലം പി.ഒ. | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 2. | രത്നമ്മ മുരളീധരൻ,<br>ഇടയാടി കുന്നമ്മ(W), കാവാലം | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 3. | രാജിഷിബു,<br>കക്കാട്, കുന്നമ്മ(E), കാവാലം പി.ഒ. | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 4. | ഷിബു ജി.കെ.,<br>കക്കാട്, കുന്നമ്മ(E), കാവാലം പി.ഒ. | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 5, | സുബീഷ് ബാബു,<br>കക്കാട്, കുന്നമ്മ(E), കാവാലം പി.ഒ. | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 6. | ശോഭന ബാബു,<br>കക്കാട്, കുന്നമ്മ(E), കാവാലം പി.ഒ. | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 7. | രജീഷ് കുമാർ എം.എം.,<br>ഇടയാടി കുന്നമ്മ(W), കാവാലം | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 8. | ശാരദ കരുണാകരൻ,<br>കക്കാട്, കുന്നമ്മ(E), കാവാലം പി.ഒ. | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 9. | കെ.കെ.കുമാരൻ, കാലായിൽ, തൃക്കോതമംഗലം | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 10. | തങ്കപ്പൻ നായർ, ശ്രീവിലാസം, വെള്ളുതുരുത്തി | 2 ഹെക്ടർ | 30,000 | 34,000 | 4,000 |
| 11. | എം.കെ.കുര്യൻ,<br>കുഴിക്കാലാ കിഴക്കേതിൽ, മൂലവട്ടം പി.ഒ. | 1.84 ഹെക്ടർ | 27,600 | 31,280 | 3,680 |
| 12 | തോമസ് ജോസഫ്,<br>മരുവിത്തറ, നാരകത്തറ പി.ഒ. | 1.8 ഹെക്ടർ | 27,000 | 30,056 | 3,056 |
| 13 | കെ.എസ്.രാജൻ, പുതിയവീട്ടിൽ, മൂലവട്ടം പി.ഒ. | 1.99 ഹെക്ടർ | 29,850 | 32,556 | 2,706 |
| 14 | ഏലിയാമ്മ കുര്യൻ, മാത്തിൽ, മൂലവട്ടം പി.ഒ. | 1.9 ഹെക്ടർ | 28,500 | 32,164 | 3,664 |
| 15 | കെ.എം.ഐസക്,<br>കുമ്പേലിത്തറ, തൃക്കോതമംഗലം | 1.92 ഹെക്ടർ | 28,800 | 32,300 | 3,500 |
| 16 | സലിം പി.കെ., പുളിമല, തൃക്കോതമംഗലം | 1.92 ഹെക്ടർ | 28,800 | 32,300 | 3,500 |
| 17 | എം.എൻ.പ്രസന്നൻ,<br>കാലായിൽ, തൃക്കോതമംഗലം | 1.9 ഹെക്ടർ | 28,500 | 30,600 | 2,100 |

| | | | | | |
|---|---|---|---|---|---|
| 18 | ശരണ്യമോൾ എസ്.,<br>ശ്രീവിലാസം, വെള്ളുതുരുത്തി | 1.82 ഹെക്ടർ | 27,300 | 30,600 | 3,300 |
| 19 | ജേക്കബ് അമ്പയ്യൻ, മിഷൻ പറമ്പ്, മൂലവട്ടം | 2 ഹെക്ടർ | 30,000 | 33,864 | 3,864 |
| 20 | പി.കെ.അലക്സാണ്ടർ,<br>പാട്ടത്തിൽ, വെള്ളുത്തുരുത്തി, കുഴിമറ്റം പി.ഒ. | 1.83 ഹെക്ടർ | 27,450 | 30,804 | 3,354 |
| 21 | ഷീന മാത്യു, പാതിയപ്പള്ളി, വെള്ളുത്തുരുത്തി | 1.94 ഹെക്ടർ | 29,100 | 32,640 | 3,540 |
| 22 | രത്നവല്ലി, മിഷൻ പറമ്പ്, മൂലവട്ടം പി.ഒ. | 1.98 ഹെക്ടർ | 29,700 | 33,114 | 3,414 |
| 23 | വിനോദ് കുര്യൻ,<br>മണ്ണൂപറമ്പിൽ, പരിപ്പ്, അയ്മനം | 2 ഹെക്ടർ | 30,000 | 34,000/- | 4,000 |
| 24 | രമണി പി.പി., ഗ്രീഷ്മ, പനച്ചിക്കാട് | 2 ഹെക്ടർ | 30,000 | 34,000/- | 4,000 |
| | ആകെ | | | | 87,678 |

2) സബ്സിഡി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പകുതി പേരുടെ അപേക്ഷയോടൊപ്പം മാത്രമെ കരം അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുള്ളു.ആയതിനാൽ ഉടമസ്ഥത, ഭൂവിസ്തീർണ്ണംഎന്നിവ സംബന്ധിച്ച് വ്യക്തതയില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.15/12.3.19)14.2.18 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/18 ത.സ്വ.ഭ.വ പരിധി നിശ്ചയിട്ടില്ലാത്തതിനാലാണ് ബ്ലോക്ക് ഷെയർ തുക അനുവദിച്ചുനല്കിയത് എന്നും കർഷകർ കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷിയിടത്ത് പരിശോധന നടത്തി ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തിയാണ് സബ്സിഡി അനുവദിച്ചു നല്കിയതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 14.2.18 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/18 ത.സ്വ.ഭ.വ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹത 2018-19 മുതൽ മാത്രമാണ്. മാർഗരേഖയിൽ ആയത് വ്യക്തമാക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ അധികമായി ചെലവഴിച്ച സബ്സിഡി തുകയായ 87,678/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 നടീൽവസ്തു വിതരണം(വനിത) -വിതരണവിവരം പൂർണ്ണമല്ല

പ്രോജക്ട് നം.-107/18

നടീൽവസ്തു വിതരണം-വനിത
നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
അടങ്കൽ -1,50,000/-(വികസനഫണ്ട്)
ചെലവ്-1,49,998/-
ബിൽ നം.1/17-18 തീയതി 23.10.17

പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

*നടീൽ വസ്തുക്കളായ ടിഷ്യുകൾച്ചർ വാഴ, കുരുമുളക് വള്ളി, പച്ചക്കറി തൈകൾ എന്നിവ പനച്ചിക്കാട് അഗ്രോ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണം സംബന്ധിച്ച വിവരങ്ങൾപൂർണ്ണമല്ല.

*നടീൽ വസ്തുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. മേൽ പറഞ്ഞ അപാകതകൾ സബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിയിനായി ഓഡിറ്റ്എൻക്വയറി നം.15/12.3.19 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ചെലവ് സംബന്ധിച്ച എല്ലാവിശദ വിവരങ്ങളും സൂക്ഷിക്കുന്നതിനും ആയത് ഹാജരാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ആരോഗ്യ ജാഗ്രതാ പ്രതിരോധ പ്രവർത്തനങ്ങൾ–ചെലവുരേഖകളുടെ അഭാവത്തിൽ 2,30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലും ആരോഗ്യജാഗ്രതാ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി വാർഡ് ഒന്നിന് 10,000/-വീതം ആകെ 2,30,000/- രൂപ (ചെക്ക് നം.273926/6.3.18) മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ചെലവുവിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2,30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 സ്കൂളുകളിലേയ്ക്ക് പോഡിയം വാങ്ങൽ-നിർവ്വഹണത്തിൽ അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നം. | 18/18 |
| പ്രോജക്ട് | സ്കൂളുകളിലേക്ക് പോഡിയം വാങ്ങൽ |
| ചെലവ് | 202300 |
| ബിൽ നം. | 02/23.08.2017<br>03/23.08.2017 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |

സ്കൂളുകളിലേയ്ക്ക് പോഡിയം വാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ക്വട്ടേഷൻ അംഗീകരിച്ച ആവലോൺ സിസ്റ്റംസ് എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാർ തീയതി, കരാർ വ്യവസ്ഥകൾ എന്നിവ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥ ഒപ്പ് വെച്ചിട്ടില്ല.

ബി) പോഡിയം ഒന്നിന് 28,900/-രൂപ നിരക്കിൽ ആകെ 7 പോഡിയങ്ങൾക്ക് 2,02300/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ഫയൽ പ്രകാരം 4 സ്കൂളുകൾ മാത്രമേ പോഡിയം കൈപ്പറ്റിയിട്ടുള്ളൂ(ഗവ.എൽ.പി.എസ്. ചാന്നാനിക്കാട്, ഗവ.യു.പി.എസ്. പാതാമുട്ടം, ഗവ.എൽ.പി.എസ്. പൂവത്തുരുത്ത്, ഗവ.എൽ.പി.എസ്. കുഴിമറ്റം). ആയതിനാൽ 3 പോഡിയങ്ങളുടെ വിലയായ 86,700 (28900x3) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇവ അതാത് സ്കൂളുകൾ കൈപ്പറ്റിയതിന്റെ വിശദാംശം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം. | 220/18 |
| പ്രോജക്ട് | സ്കൂളുകൾക്ക് കസേര വാങ്ങൽ |
| ചെലവ് | 1,99,926 |
| ബിൽ നം. | 04/09.02.2018<br>03/23.08.2017 |

സ്കൂളുകൾക്ക് കസേര വാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ക്വട്ടേഷൻ അംഗീകരിച്ച കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാർ തീയതി, കരാർ വ്യവസ്ഥകൾ എന്നിവ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥ ഒപ്പ് വെച്ചിട്ടില്ല.

ബി) കസേര ഒന്നിന് (പ്ലാസ്റ്റിക്ക്- നീൽക്കമൽ 2160) 522/-രൂപ നിരക്കിൽ ആകെ 383 കസേരകൾക്ക് 1,99,926/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ഫയൽ പ്രകാരം ഗവ.യു.പി.എസ്., പാതാമുട്ടം മാത്രമേ കസേരകൾ കൈപ്പറ്റിയിട്ടുള്ളൂ(20 എണ്ണം). ബാക്കി 363 കസേരകൾ കൈപ്പറ്റിയതിന് രേഖകളില്ലാത്തതിനാൽ 363 കസേരകൾക്ക് ചെലവായ 1,89,486 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇവ സ്കൂളുകൾ കൈപ്പറ്റിയതിന്റെ വിശദാംശം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3)

| | |
|---|---|
| പ്രോജക്ട് നം. | 74/18 |
| പ്രോജക്ട് | കളരി പ്രീ പ്രൈമറി ടീച്ചർ/ആയ വേതനം |

| | |
|---|---|
| ചെലവ് | 3,14,000(ചെലവ് പത്രിക പ്രകാരം) - തനതുഫണ്ട് |
| ചെക്ക് നം. | 2739253/31.01.2018 |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
എ) പഞ്ചായത്തിന്റെ വരവുചെലവ് പത്രിക പ്രകാരം മേൽ പ്രോജക്ടിനായി ആകെ 3,14,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആകെ 1,02,000/-രൂപയുടെ ചെലവിനാധാരമായ രേഖകൾ മാത്രമേ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,12,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ബി) പഞ്ചായത്തുപരിധിയിൽ സർക്കാർമേഖലയിലെ യു.പി/എൽ.പി. സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിലെ അധ്യാപിക/ആയമാർക്കുള്ള വേതനമിനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്നിരിക്കെ ഇവരുടെ നിയമനം, ശമ്പളമിനത്തിൽ അനുവദിക്കേണ്ട തുക എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.22/30.3.19)മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 പാലിന് ഇൻസെന്റീവ് നൽകൽ- പദ്ധതി നടത്തിപ്പിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതി ചെലവ് പത്രിക പ്രകാരം ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ ആകെ പദ്ധതി ചെലവ് 14,96,764 (ബ്ലോക്ക് വിഹിതം ഉൾപ്പെടെ) ആണ്. എന്നാൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 14,98,364 രൂപ ചെലവഴിച്ചതായി കാണുന്നു. 1,600 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

2) ബിൽ നം.2/17-18 തീയതി 17.03.18 തുക 488814

മേൽ പരാമർശിച്ച ബിൽ പ്രകാരമുള്ള തുകയിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സചിവോത്തമപുരം ക്ഷീരോൽപാദക സഹകരണ സംഘത്തിന് 2,926 രൂപ ലഭിക്കേണ്ടതാണെങ്കിലും കൈപ്പറ്റ് രസീതോ, ഇൻസെന്റീവ് വിതരണം ചെയ്തതിന്റെയോ രേഖകളോ ഹാജരാക്കിയിട്ടില്ല. ടി രേഖകളും സചിവോത്തമപുരം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ പാസ് ബുക്കും(SBI 67205647379)പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള(നം.21/13.3.19) മറുപടിയോടൊപ്പം സചിവോത്തമപുരം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ഇൻസെന്റീവ് വിതരണം ചെയ്ത രേഖകൾ ഒഴികെ ബാക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

3) ബ്ലോക്ക് വിഹിതം 3,00,000 രൂപ

ബ്ലോക്ക് വിഹിതത്തിൽ നിന്ന് സചിവോത്തമപുരം ക്ഷീരോൽപാദക സഹകരണ സംഘത്തിന് 4,164 രൂപ ലഭിക്കേണ്ടതാണെങ്കിലും കൈപ്പറ്റ് രസീതോ, ഇൻസെന്റീവ് വിതരണം ചെയ്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല.ആയത് അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 3-11 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

1 ) വൃദ്ധജനങ്ങൾക്ക് നേത്രപരിശോധനയും കണ്ണട വിതരണവും.(98/17-18)

1) പഞ്ചായത്തിലെ വൃദ്ധർക്ക് കണ്ണട വിതരണം ചെയ്യുന്നതിലേക്കായി ക്യാമ്പ് സംഘടിപ്പിച്ച് കാഴ്ച പരിശോധന നടത്തിയതായി കാണുന്നു. വൃദ്ധരായ 392 പേർക്ക് കണ്ണട വിതരണം നടത്തുന്നതിനായി നൽകിയ ക്വട്ടേഷനിൽ നിന്നും ഒരു കണ്ണടയ്ക്ക് 536 രൂപ വില വരുന്ന മോഡൽ തെരഞ്ഞെടുത്തിട്ടുണ്ട്. കണ്ണട സ്വീകരിച്ച 392 പേരും ക്യാമ്പിൽ പങ്കെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. അതിനാൽ എല്ലാവരും കാഴ്ച പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. വിതരണരേഖകളിൽ നിന്നും ഓരോരുത്തർക്കും അനുയോജ്യമായ ലെൻസ് പവർ ഉള്ള കണ്ണടയാണോ വിതരണം ചെയ്തതെന്നും വ്യക്തമല്ല.

25.10.17, 26.10.17, 27.10.17, 28.10.17 തീയതികളിൽ ക്യാമ്പ് നടത്തുന്നതായി അറിയിക്കുന്ന നോട്ടീസ്

ഫയലിൽ ഉണ്ടെങ്കിലും ഈ ദിവസങ്ങളിൽ ക്യാമ്പ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഈ ദിവസങ്ങളിൽ ക്യാമ്പ് നടത്തിയിരുന്നതാണെന്നും ഗുണഭോക്താക്കൾ എല്ലാരും ഹാജരാകാതിരുന്നതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരമാണ് മറ്റ് 4 ദിവസങ്ങൾ കൂടി ക്യാമ്പ് നടത്തിയതെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/11.3.19) മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ പ്രോജക്ട് നിർവഹണവും രേഖകളുടെ സൂക്ഷിപ്പും സുതാര്യമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പകർച്ച വ്യാധി നിയന്ത്രണം(91/17-18)

പകർച്ചവ്യാധി നിയന്ത്രണം എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 33,320 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് വൗച്ചർ നം.8 പ്രകാരം നോട്ടീസ് (15000 എണ്ണം, 16,500 രൂപ) ഗൃഹസന്ദർശന വേളയിൽ പൂരിപ്പിക്കുന്നതിനുള്ള ഫോറം (15000 എണ്ണം, 10,500 രൂപ) എന്നിവയ്ക്ക് ബേസിൽ ഓഫ്സെറ്റ് പ്രിന്റേഴ്സിന്റെ 20.01.18 ലെ 414-ാംനമ്പർ ബില്ലിനനുസൃതമായി 27,000 രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലോ ഭരണതലത്തിലോ ആരെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. പൂരിപ്പിച്ച ഫോറങ്ങൾ ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചെങ്കിലും പരിശോധനയ്ക്കായി ഫോറങ്ങൾ ഹാജരാക്കിയില്ല. ഫോറം പൂരിപ്പിച്ച് ലഭിച്ചതുമായി ബന്ധപ്പെട്ട് പകർച്ച വ്യാധി നിയന്ത്രണത്തിലേക്കായി തുടർപ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. 20.01.18 തീയതിയിൽ പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയതെന്ന് വൗച്ചറുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സെമിനാറുമായി ബന്ധപ്പെട്ട ചെലവുകളാണ് ബാക്കി 6,320 രൂപയുടേത്. എന്നാൽ ക്യാൻസറിനെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് പുതുപ്പള്ളി ഡോൺബോസ്കോ സ്കൂളിൽ സെമിനാറും, ക്വിസ് പ്രോഗ്രാമും നടത്തിയതിന്റെയും ജെ.ആർ.എസ് വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുന്ന ഫോട്ടോകളാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. മേൽകാരണങ്ങളാൽ പകർച്ച വ്യാധി നിയന്ത്രണ പദ്ധതിയ്ക്ക് ആകെ ചെലവഴിച്ച 33,320 രൂപയുടെ ചെലവ് (തനതുഫണ്ട്) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 പദ്ധതി മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചില്ല - അങ്കണവാടി നിർമ്മാണത്തിനു വകയിരുത്തിയ ബ്ലോക്ക് വിഹിതം നഷ്ടമായി

| | |
|---|---|
| പ്രോജക്ട് | 130-ാം നമ്പർ അങ്കണവാടി നിർമ്മാണം |
| അടങ്കൽ | 6,00,000 (തനതുഫണ്ട്)<br>3,00,000 (ബ്ലോക്ക്വിഹിതം)<br>9,00,000 |
| കരാറുകാരൻ | ശ്രീ.കുരുവിള ജോസഫ് |
| ചെലവ് | 4,51,009(തനതുഫണ്ട്) |
| ചെക്ക് നം. | 50309/20.12.18 |
| കരാർ നമ്പർ | 60/AE/LSGD/PKD/17.1.18 |

23-ാം വാർഡിലെ 130-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടനിർമ്മാണത്തിനായി 2016-17 വർഷം ആവിഷ്കരിച്ചതായിരുന്നു മേൽ പ്രോജക്ട്. തനതുഫണ്ട് 6,00,000/- രൂപയും ബ്ലോക്ക് വിഹിതം 3,00,000/-രൂപയും ഉൾപ്പെടെ ആകെ 9,00,000/- രൂപ പ്രോജക്ടിനായി വകയിരുത്തിയിരുന്നു. നിയമാനുസൃത നടപടികൾക്കുശേഷം ശ്രീ.കുരുവിള ജോസഫ് എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചുനൽകി ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം പൂർത്തീകരിച്ച് പാർട്ട്ബിൽ പ്രകാരം കരാറുകാരന് തുക 4,51,009 രൂപ അനുവദിച്ചതായും ഫ്ലോറിംഗ്, സാനിറ്ററി സൗകര്യങ്ങൾ, ചുറ്റുമതിൽ എന്നിവയുൾപ്പെടെ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് പ്രവൃത്തി ഇനങ്ങളൊന്നും നടപ്പാക്കിയിട്ടില്ലാത്തതായും കണ്ടു. എന്നാൽ പ്രോജക്ട് നിർവ്വഹണം നടന്നു കൊണ്ടിരിക്കുകയാണെന്നും ബ്ലോക്ക് വിഹിതം ലഭ്യമാകുന്ന കാര്യത്തിൽ വ്യക്തത നൽകണമെന്നും അറിയിച്ചുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറിക്ക് നൽകിയ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിന് വകയിരുത്തിയിരുന്ന ബ്ലോക്ക് വിഹിതം ലഭ്യമായിട്ടില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം വിശദീകരണം നൽകുകയുണ്ടായി. 9.3.19-ൽ നടത്തിയ സ്ഥലപരിശോധനയിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി

മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതായി കണ്ടു. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ബ്ലോക്ക് വിഹിതം ലഭ്യമാകാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് വിശദീകരണം ലഭിച്ചത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് വിഹിതം പ്രോജക്ടിൽ വകയിരുത്തിയിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തുമായി ആവശ്യമായ കൂടിയോലോചന നടത്തി ഫണ്ട് ലഭ്യത ഉറപ്പവരുത്താതിരുന്നതിനാൽ ബ്ലോക്ക്പഞ്ചായത്തിന്റെ പദ്ധതിയിൽ തുക വകയിരുത്തിയിരുന്നില്ലെന്നും ആയതിനാൽ അടുത്ത വാർഷികപദ്ധതിയിൽ പ്രോജക്ട് റിവൈസ്ചെയ്ത് തനതുഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിനുമുൻപ് സംയുക്തപ്രോജക്ടുകളെക്കുറിച്ച് ചർച്ചചെയ്യാൻ ജില്ലാതലത്തിൽ യോഗം ചേരേണ്ടതാണെന്നും ത്രിതലപഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരും പങ്കെടുക്കേണ്ടതായ പ്രസ്തുതയോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചുചേർക്കേണ്ടതാണെന്നും പദ്ധതിമാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതിരൂപീകരണപ്രക്രിയ ആരംഭിക്കുമ്പോൾ സംയുക്തപ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിലേർപ്പെടേണ്ടതാണെന്നും പ്രോജക്ടിന്റെ വിഭവസ്രോതസ്സുകൾ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥചെയ്യുന്നു. എന്നാൽ മാർഗ്ഗരേഖാ പ്രകാരമുള്ള പ്രസ്തുത നടപടിക്രമങ്ങളൊന്നുംപാലിച്ചതായി കാണുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാതെ പ്രോജക്ട് ആവിഷ്കരിച്ചുവഴി ഫണ്ട് നഷ്ടമായെന്നുമാത്രമല്ല കരാറുകാരന് തുക അനുവദിക്കുന്നതിന് തനതുഫണ്ടിൽനിന്നും തുക കണ്ടെത്തേണ്ട സാഹചര്യവുമുണ്ടായി.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

## 3-13 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം, വിവിധ പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം.& പേര് | നിർവ്വഹണ ഏജൻസി | നിർവ്വഹണോദ്യോഗസ്ഥൻ | നിക്ഷേപിച്ച തുക |
|---|---|---|---|---|
| 1 | 10/17-18<br>കോക്കാട്ട് പാടശേഖരത്തിലേക്ക് ഇലക്ട്രിക്ക് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | സെക്രട്ടറി | 1,27,656 |
| 2 | 58/17-18<br>വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | " " | 1,68,171 |
| 3 | 59/17-18<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | " " | 2,29,278 |
| 4 | 93/17-18<br>പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | " " | 2,46,000 |
| | ആകെ | | | 7,71,105 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 7,71,105/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 റോഡ് ടാറിംഗ് പ്രവൃത്തികൾ - ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടവാക്കിയിട്ടില്ല

ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3ൽ പറയുന്നു. എന്നാൽ

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർഗ്രാന്റുകൾ വിനിയോഗിച്ച് നടപ്പാക്കിയ റോഡുടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ കരാറുകാർ/കൺവീനർമാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവഴിച്ച ഫണ്ട് | ഉപയോഗിച്ച ബാരലുകൾ | ബാരൽവില ഈടാക്കിയത് | റിമാർക്സ് |
|---|---|---|---|---|
| 170/18<br>കുര്യൻപറമ്പ് - ചൂരവടി റോഡ് റീടാറിംഗ് | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 4 | 1,180 | ജി.എസ്.റ്റി ഉൾപ്പെടെ |
| 168/18<br>കൊല്ലംകവല- തൃക്കോവിൽ റോഡ് റീടാറിംഗ് | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 5 | 1,475 | ,, |
| 206/18<br>പറക്കുളം കുലിയാട്ടുമൂല പാതിയപ്പള്ളി കടവ് റോഡ് റീടാറിംഗ് | ലോകബാങ്ക് സഹായം | 14 | 3,850 | ,, |
| 171/18<br>കുന്നംപുറം പാച്ചിറ -കുരിശ്റോഡ് റീടാറിംഗ് | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 8 | 2,360 | ,, |
| തകിടിയിൽ-കാലായിൽ റോഡ് ടാറിംഗ് | ധനകാര്യകമ്മീഷൻഗ്രാന്റ് | 4 | 295 | ,, |
| ബോട്ട്ജെട്ടി- പനയ്ക്കകുന്ന് റോഡ് റീടാറിംഗ് | മെയിന്റനൻസ്ഗ്രാന്റ് | 8 | 2,360 | ,, |
| 173/18<br>സദനംകവല-ചൂരവടിക്കടവ് റോഡ് റീടാറിംഗ് | ,, | 9 | 2,655 | ,, |
| 184/18<br>മീൻചിറ നീലംചിറ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 8 | 1,960 | ,, |
| നെല്ലിക്കൽ -കാലായിപ്പടി റോഡ് റീടാറിംഗ് | മെയിന്റനൻസ്ഗ്രാന്റ് | 16.00 | 4,720 | ,, |
| 186/18<br>ശാന്തിക്കവല- കുമ്മണ്ണൂർ റോഡ് മെയിന്റനൻസ് | ,, | 12 | 3,540 | ,, |

| | | | | |
|---|---|---|---|---|
| 195/18<br>പാമ്പുരം - പാറത്താനം റോഡ് റീടാറിംഗ് | ,, | 6 | 1,770 | ,, |
| ദിവാൻകവല -കാലായിൽ റോഡ് റീടാറിംഗ് | ,, | | | ,, |
| ഓട്ടക്കാഞ്ഞിരം-എസ്.എൻ.ഡി.പി. പള്ളത്തു റോഡ് റീടാറിംഗ് | ലോകബാങ്ക്സഹായം | 9 | 2,655 | ,, |
| മാലിയിൽ റോഡ് ടാറിംഗ് | ,, | 4 | 1,180 | ,, |
| 69/18<br>ചൂലക്കവല -മറ്റക്കാട്ടിൽ -കുന്നുംപുറം രോഡ് റീടാറിംഗ് | ധനകാര്യക്കമ്മീഷൻ അവാർഡ് | 7 | 2,065 | ,, |
| 108/18<br>സദനംകവല-ചൂരവടിക്കുന്ന് റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് | 13 | 3,835 | ,, |
| 27/18<br>മില്ലുകവല-വടക്കേകുറുമാങ്കൽ റോഡ് മെയിന്റനൻസ് | ,, | 6 | 1,770 | ,, |
| 40/18 സെന്റ്മേരീസ് ചർച്ച് -പാച്ചിറമൂല റോഡ് മെയിന്റനൻസ് | ,, | 8 | 2,360 | ,, |
| 49/18<br>പെരുംചേരിക്കുന്ന് എഴുത്തുപള്ളി റോഡ് മെയിന്റനൻസ് | ,, | 8 | 2,360 | ,, |
| 70/18<br>കടുവാക്കുളം ഹരിജൻകോളനി റീടാറിംഗ് | ,, | 7 | 2,065 | ,, |
| 191/18 | ,, | 13 | 3,835 | ,, |

കരാറുകാരിൽനിന്നും ഈയിനത്തിൽ ഈടാക്കി തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ബാരൽവിലയും ജി.എസ്.റ്റിയും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേയ്ക്കടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല

29.3.17-ലെ ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ നമ്പർ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ഖ.6-8 (2) അനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾ അവ സ്പിൽ ഓവർ ആയ അതേവർഷംതന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ആവിഷ്കരിച്ച് അംഗീകാരം കിട്ടിയിരുന്നതും നടപ്പാക്കാതിരുന്നതുമായ പ്രോജക്ടുകൾ 16-17ലും 17-18-ലും സ്പിൽ ഓവറായി അംഗീകാരം

ലഭിച്ചിരുന്നെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | 151/18, ചാന്നാനിക്കാട് എസ്.എൻ സ്കൂൾ -മുട്ടത്തിച്ചിറ റോഡ് സംരക്ഷണഭിത്തിനിർമ്മാണം |
| 2 | 152/18, മാത്തിൽ മുഞ്ഞനാട്ട് കടവ്റോഡ് മെയിന്റനൻസ് |
| 3 | 153/18, മുരുക്കുംപാക്കൽ മോട്ടോർതറ മെയിന്റനൻസ് |
| 4 | 154/18, ഹോമിയോ ഡിസ്പെൻസറി ബോർഡ് സ്ഥാപിക്കൽ |
| 5 | 159/18, പുന്നയ്ക്കൽ കുന്നംപുറം നടപ്പാത കോൺക്രീറ്റ് |

പ്രോജക്ടുകൾ നടപ്പാക്കാത്തതിനുള്ള കാരണവും അവയുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പ്രോജക്ടുകൾ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഭാവിയിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖാ ഉത്തരവിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതുമാണ്.

## 3-16 സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ ഫണ്ടിന്റെ വിനിയോഗം- സർക്കാർ നിർദേശം പാലിച്ചിട്ടില്ല

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രോജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി 7/2017/ഫിൻ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കണമെന്നും നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28നു മുമ്പേ തിരിച്ചു നല്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിർദേശിച്ച പ്രകാരം സെപെഷ്യൽ ടി എസ് ബി അക്കൗണ്ട് നാളിതുവരെ ആരംഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്കുള്ള തുക 2017-18 വർഷം നിക്ഷേപിച്ചിട്ടുള്ളത് തനത് ഫണ്ട് സൂക്ഷിക്കുന്ന സെപെഷ്യൽ ടി എസ് ബി അക്കൗണ്ടിലാണ്, കൂടാതെ തൻവർഷം ബ്ലോക്ക് വിഹിതം 8,00,000 നീക്കിയിരിപ്പുമുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/12.03.2019) മറുപടി നൽകിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-17 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ- ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ഓഡിറ്റ് വേളയിലും ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | കേന്ദ്രാവിഷ്കൃത പദ്ധതി - സമ്പൂർണ്ണ ശുചിത്വയജ്ഞം | 1,99,500 |
| 2 | 320100126 | കേന്ദ്രാവിഷ്കൃത പദ്ധതി- പൈക്കാ | 69,000 |
| 5 | 320700104 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 8,00,000 |

തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/12.03.2019) മറുപടി നൽകിയില്ല. തുക നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതി അവലോകനം

ആശ്രയ പദ്ധതി ഒന്നാം ഘട്ടം (2004-05) പദ്ധതിയിൽ 105 ഗുണഭോക്താക്കളും രണ്ടാം ഘട്ടം (2011-14) പദ്ധതിയിൽ 103 ഗുണഭോക്താക്കളും, ഒന്നാം ഘട്ടം തുടർസേവനം (2016-19) പദ്ധതിയിൽ 42 ഗുണഭോക്താക്കളും

ഉണ്ടായിരുന്നു.

നിലവിൽ രണ്ടു ഘട്ടങ്ങിലെയും ഗുണഭോക്താക്കളേയും, ഫീൽഡുതല പരിശോധന നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി അഗതിരഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുടുംബശ്രീ ജില്ലാ മിഷന് സമർപ്പിച്ചിട്ടുണ്ടെന്ന് കുടുംബശ്രീ ചെയർപേഴ്സൺ മറുപടി നൽകി. തുടർ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 29.12.2017 | 10,62,500 | 100/17-18- സംയോജിത നെൽകൃഷി വികസനം | 10,62,500 | 0 |
| | 28.03.2018 | 8,00,000 | 28.03.2018 ൽ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലേക്ക്(എസ് റ്റി എസ് ബി-12) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു ലഭിച്ച തുകയാണിത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം- റവന്യൂ ചെലവ് എന്ന ശീർഷകത്തിലാണ് ഇത് രസീത് ചെയ്തിട്ടുള്ളത്. ഇത് എന്ത് ഉദ്ദേശത്തിന് ലഭിച്ച തുകയാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. | 0 | 8,00,000 |
| ആകെ | | 18,62,500 | | 10,62,500 | 8,00,000 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം.79/18- ക്ഷീര കർഷകർക്ക് ഇൻസെന്റീവിന് 3,00,000 രൂപയും ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം.122/18-അങ്കണവാടികൾക്ക് മെഡിസിൻ ബോക്സിന് 75,060 രൂപയും ബ്ലോക്ക് വിഹിതം ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് തൻവർഷം ലഭിച്ച തുകയല്ല, ഇത് മുൻവർഷങ്ങളിൽ ലഭിച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നതും തൻ വർഷം ചെലവഴിച്ചതുമാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 10/17-18- കോക്കാട്ട് പാടശേഖരത്തിലേക്ക് ഇലക്ട്രിക് ലൈൻ വലിക്കൽ | 1,27,656 | ---- | 1,27,656 |
| " " | 58/17-18- വിവിധ വാർഡുകളിൽ | 1,68,171 | ---- | 1,68,171 |

| | | | | |
|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | |
| " " | 59/17-18- വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 2,29,278 | ---- | 2,29,278 |
| കേരള വാട്ടർ അതോറിറ്റി | 93/17-18- പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 2,46,000 | ---- | 2,46,000 |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 7,71,105 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും തൻവർഷം ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,83,46,630 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,52,11,641 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3421529 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16,740 | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്, സെക്രട്ടറി |
| 3-4 | 7,45,500 | ശ്രീമതി എം.പി.ബിന്ദു, വി.ഇ.ഒ. |
| 3-5 | 10,49,000 | ശ്രീമതി ബീന വർഗ്ഗീസ്, കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-6 | 87,678 | ശ്രീമതി റസിയാ എ.സലാം, കൃഷി ഓഫീസർ |
| 3-8 | 2,30,000 | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്, സെക്രട്ടറി |
| 3-9(1-ബി) | 86,700 | ശ്രീമതി പി.എസ്.ബിന്ദുമോൾ, ഹെഡ്മിസ്ട്രസ് |
| 3-9(2-ബി) | 1,89,486 | |
| 3-9(3-എ) | 2,12,000 | |
| 3-11(2) | 33,320 | ഡോ.ലാൽ ആന്റണി, മെഡിക്കൽ ഓഫീസർ |
| 3-13 | 7,71,105 | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്, സെക്രട്ടറി |
| ആകെ | **34,21,529** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98ചെലവ് | എൽ.എഫ്.കെ.പി11/692/അദാ./14/28.11.14 | 5 | |
| 1998-99 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി.11/692/14അദാ/ 7.1.15 | 18 | |
| 98-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി.12/അദാ/ 2018/192(2)/18, 19.2.18 | 3 | |
| 1999-2000 | എൽ.എഫ്.കെ.പി 6/1292/07/21.1.08 | | |
| 2000-01,01-02(പ്ലാൻ) | എൽ.എഫ്.കെ.പി11/421/10/19.6.12 | | |
| 2001-02 | എൽ.എഫ്.കെ.പി 11/692/14/13.3.15 | 4 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി 6/774/08/30.3.10 | | |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.12(അദാ)2018/ 192(3)18, 19.2.18 | 6 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 6/422/10/17.8.10 | | |

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.12(അദാ)2018/192(6)/18, 17.2.18 | 6 | |
| 2006-07 | എൽ.എഫ്.കെ.പി 6/974/10/2.6.12 | | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.12/അദാ/2018/192(7), 19.2.18 | 12 | |
| 2008-09 | എൽ.എഫ്.കെ.പി11/1389/11/3.11.12 | 15 | |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി.12/അദാ/18/192(8), 19.2.18 | 6 | |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി.12/അദാ/18/192(9)1, 19.2.18 | 15 | |
| 2012-13 | എൽ.എഫ്.കെ.പി11/324/15/18.4.15 | 25 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-512/16/10.5.16 | 8 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-1770/16, 25.4.17 | 12 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-12/1797/17, 23.01.18 | 28 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.12/701/18, 29.3.18 | | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി12-302/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**

ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**17.04.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം